**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് പാട്യത്തെ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാഗ്ഭടാനന്ദ ഗുരുവിന്റെ ജന്മദേശമായ കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യത്ത് നിർമ്മിക്കുന്ന വാഗ്ഭടാനനന്ദ സാംസ്കാരിക സമുച്ചയത്തിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ; | (എ) | വാഗ്ഭടാനന്ദ ഗുരുവിന്റെ നാമധേയത്തിൽ കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യത്ത് വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായി വാസ്തുവിദ്യ ഗുരുകുലം സമർപ്പിച്ച രൂപരേഖയെ ആസ്പദമാക്കി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 36 കോടി രൂപയുടെ ഡി.പി.ആർ. - ന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. പ്രസ്തുത സമുച്ചയത്തിൽ ഓഡിറ്റോറിയം, മ്യൂസിയം & പ്ലാനറ്റോറിയം, ഗസ്റ്റ് ഹൗസ്, ആംഫി തീയറ്റർ, മണ്ഡപം, കാന്റീൻ, ചുറ്റുമതിൽ, ഇന്റേണൽ റോഡ് സൗകര്യം, ലാന്റ് സ്കേപ്പിംഗ്, വേസ്റ്റ് മാനേജ്മെന്റ്, വൈദ്യുതീകരണം എന്നിവയാണ് DPR ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയ നിർമ്മാണ നടപടികൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | (ബി) | DPR അംഗീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ